പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷ...മിട്ട ചോദ്യം നമ്പർ. 17 10-12-2012 -ൽ മറുപടിക്ക്.

## മദ്യനയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ... എസ്. സലീഖ:<br>ശ്രീ. ബി. ഡ... ദേവസ്സി:<br>" ... ജേഷ്: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |

(എ) ...ക്കാർ അധികാരമേറ്റ ...ദ്യനയത്തിൽ ഏതെ ...ത്തിൽ എന്തെല്ലാം ...ുള്ള മാറ്റങ്ങൾ വരു ...ുണ്ടായെന്നും നില ...ള്ള മദ്യനയം എന്താ ...ും വിശദമാക്കുമോ;

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മദ്യനയത്തിൽ ഘട്ടംഘട്ടമായി മാറ്റം വരുത്തിയിട്ടുണ്ട്. സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും അതിൽ നിന്നു ടലെടുക്കുന്ന സാമൂഹ്യ പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെ കണ്ടുകൊണ്ട് രൂപീകരിച്ചതാണ്, 2012-13 - ലെ പുതിയ മദ്യനയം. അടഞ്ഞു കിട ക്കുന്ന കള്ളുഷാപ്പുകളുടെ നടത്തിപ്പ് തൊഴിലാളി കമ്മിറ്റികളെ ഏല്പിക്കുന്നതിനുള്ള ഉത്തരവ് നല്കിയിട്ടു ണ്ട്. ഇത്തരത്തിൽ തൊഴിലാളി കമ്മിറ്റികളെ ഏല്പിക്കു മ്പോൾ, ഷാപ്പൊന്നിന് 500/- രൂപ റെന്റലായും, തൊഴിലാളികളുടെ വേതനം, വെൽഫയർ ഫണ്ട് എന്നിവ അഡ്വാൻസായി അടയ്ക്കുന്നതിൽ നിന്നും, വൃക്ഷക്കരം അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടു ണ്ട്. 2012-13 മുതൽ ഫോർ സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്കും, 30 മുറികളുള്ള ഫൈവ് സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്കും മാത്രമേ ബാർ ലൈ സൻസ് നൽകുകയുള്ളൂ. മുനിസിപ്പൽ/കോർപ്പറേഷൻ അതിർത്തികളിൽ 1 കി.മീറ്ററിനുള്ളിലും പഞ്ചായത്തു കളിൽ 3 കി.മീറ്ററിനുള്ളിലും ഒരു ബാർ ഹോട്ടൽ നില വിലുണ്ടെങ്കിൽ, ടി ദൂരപരിധിക്കുള്ളിൽ മറ്റൊരു ഹോട്ടലിന് ബാർ ലൈസൻസ് അനുവദിക്കയില്ല. ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം രാവിലെ 8 മുതൽ രാത്രി 11 മണിവരെയായി പരിമിതപ്പെടു ത്തി. മദ്യവർജ്ജന ബോധവൽക്കരണം ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റുന്നതിന് സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ട് ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. സംസ്ഥാനത്തെ, സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം വിപുലീകരിച്ച്, വിദ്യാർത്ഥികളിൽ ലഹരി വിരുദ്ധ ആശയങ്ങൾ പ്രച രിപ്പിച്ച് അവരെ ബോധവൽക്കരണ പ്രവർത്തനങ്ങ ളിൽ പങ്കാളികളാക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ, സഹകരണത്തോടെ, ലഹരി പദാർത്ഥങ്ങൾ വിദ്യാലയങ്ങളിൽ നിന്നും അകറ്റി നിർത്തുക, മദ്യ-ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നീ ഉദ്ദേശ ങ്ങളോടെ, എക്സൈസ് വകുപ്പ്, ശക്തവും നൂതനവു മായ ബോധവൽക്കരണ പരിപാടികൾ നടത്തി വരു ന്നു. ഇതിന്റെ ഭാഗമായി, സെമിനാറുകൾ, സംവാദ

| | | | |
|---|---|---|---|
| | | | ങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവു നാടകം മുതലായവ നടത്തി വരുന്നു. ബോധവത്കരണ സന്ദേശം ഉൾക്കൊള്ളുന്ന ജാലവിദ്യാ പ്രകടനവും എഫ്.എം. റേഡിയോ, ആകാശവാണി എന്നിവ വഴിയുള്ള പ്രചരണം എന്നിവ നടത്തുകയുണ്ടായി. ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി, ' ദുരന്ത ലഹരി ' എന്ന പേരിൽ ഒരു ഡോക്യുമെന്ററി, ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്തു വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സ്കൂളുകൾ കേന്ദ്രീകരിച്ച്, ബോധവൽക്കരണ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാ മത്സരം, വിദഗ്ദ്ധ ഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിവിധ സർക്കാർ വകുപ്പുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സംഘടനകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കി വരുന്നത്. |
| (ബി) | ഈ സർക്കാർ നിലവിൽ വരുമ്പോൾ സംസ്ഥാനത്തുണ്ടായിരുന്ന മദ്യബാറുകൾ എത്രയായിരുന്നു; ഇപ്പോൾ എത്ര ബാറുകളുണ്ട്; ഈ സർക്കാരിന്റെ കാലത്ത് പുതുക്കിക്കൊടുത്ത ബാർ ലൈസൻസുകൾ എത്ര; ലൈസൻസിനായുള്ള എത്ര അപേക്ഷകൾ പരിഗണനയിലിരിക്കുന്നു; | (ബി) | ഈ സർക്കാർ നിലവിൽ വരുമ്പോൾ, 681 മദ്യബാറുകൾ ഉണ്ടായിരുന്നു. ഇപ്പോൾ 728 ബാറുകളുണ്ട്. 716 ബാർ ലൈസൻസുകൾ പുതുക്കിക്കൊടുത്തു. 40 അപേക്ഷകൾ ലൈസൻസിനായി പരിഗണനയിലിരിക്കുന്നു. |
| (സി) | ബാറുകളുടെ കൈമാറ്റ-സ്ഥലമാറ്റ വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കൈമാറ്റ വ്യവസ്ഥകളിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. എന്നാൽ ബാറുകളുടെ സ്ഥലംമാറ്റം സംബന്ധിച്ച്, നിശ്ചിത എലുകയ്ക്കുള്ളിൽ മാത്രം മാറ്റി സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | തിരുത്തിയ മദ്യനയം ഈ രംഗത്ത് അഴിമതി വ്യാപകമാക്കാനിടയാക്കിയിരിക്കുന്നു എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ഇല്ല. |

സെക്ഷൻ ആഫീസർ